## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *280** — **21.08.2017 ൽ മറുപടിയ്ക്ക്**

## "നാണ്യവിളകളുടെ വിലയിടിവ് "

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ. മുരളീധരൻ
ശ്രീ. കെ. സി. ജോസഫ്
ശ്രീ. അൻവർ സാദത്ത്

**ഉത്തരം**

ശ്രീ. വി.എസ് സുനിൽകുമാർ
(ബഹു. കൃഷി വകുപ്പ് മന്ത്രി)

(എ) നാണ്യവിളകളുടെ വിലയിടിവ് സംസ്ഥാനത്തെ കർഷകരുടെ സാമ്പത്തിക ഭദ്രതയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) നാണ്യവിളകളുടെ വിലയിലുണ്ടാവുന്ന ഏറ്റകുറച്ചിലുകൾ സംസ്ഥാനത്തെ കർഷകരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിനാണ് ഇപ്പോൾ വില കുറഞ്ഞു നിൽക്കുന്നത്. ഈ മേഖലയിലുള്ള കർഷകരുടെ സാമ്പത്തിക ഭദ്രതയെ ഇത് ബാധിക്കുന്നുണ്ട്.

(ബി) കടക്കെണിയിലായ കർഷകരെ സഹായിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ തിരുവനന്തപുരം, ഇടുക്കി, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ട 2986 ഗുണഭോക്താക്കൾക്കായി ആകെ 8.7656643 കോടി രൂപയുടെ കടാശ്വാസത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കൾ | അനുവദിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 621 | 3.0540825 |
| ഇടുക്കി | 810 | 1.2782700 |
| വയനാട് | 602 | 1.8847936 |
| പാലക്കാട് | 83 | 2.588375 |
| കോഴിക്കോട് | 23 | 0.829050 |
| കണ്ണൂർ | 642 | 1.7876863 |
| കാസർഗോഡ് | 245 | 4.190894 |
| ആകെ | 2986 | 8.7656643 |

| | |
|---|---|
| | കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് മൂന്ന് ലക്ഷം വരെയുള്ള വായ്പകൾക്ക് 7% പലിശയും കൃത്യമായ തിരിച്ചടവിന് 3% പലിശയിളവും നൽകി വരുന്നു.<br>നോട്ട് പിൻവലിച്ചതുമായി ബന്ധപ്പെട്ട് ഉണ്ടായ സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നും മോചനം എന്നോണം 2016 നവംബർ, ഡിസംബർ മാസങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കാർഷിക ലോണുകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചു. |
| (സി) നാണ്യവിളകളുടെ വില യുക്തി സഹമായ നിലയിൽ ഉയർത്തി കർഷകരെ സഹായിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്ക ണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യപ്പെടുമോ? | (സി) കേരളത്തിന് പ്രാധാന്യമുള്ള നാണ്യവിളകളായ റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, കശുമാവ് എന്നിവയേയും കാപ്പി, തേയില, നാളികേരം എന്നിവ ഉൾപ്പെട്ട പ്രധാന വിളകളെയും ഇറക്കുമതിനയം മൂലം ഉണ്ടാകുന്ന വിലയിടിവിൽ നിന്നും സംരക്ഷണം നൽകണം എന്ന് കേന്ദ്ര സർക്കാരിനോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ കേന്ദ്രമന്ത്രിമാരുമായി നേരിട്ട് ചർച്ചകളും നടത്തിയിട്ടുണ്ട്. |

Deepthi

**സെക്ഷൻ ഓഫീസർ**